റിപ്പോർട്ട്

vkabdu@gmail.com
വി.കെ അബ്ദു

# തഫ്ഹീം സോഫ്റ്റ്‌വെയർ

## പുതിയ പതിപ്പിന്റെ പ്രവർത്തനം അവസാന ഘട്ടത്തിൽ

സമ്പൂർണ ഓഡിയോ കൂടി ഉൾപ്പെടുന്നതാണ് അണിയറയിൽ തയാറാവുന്ന *തഫ്ഹീമുൽ ഖുർആൻ* പുതിയ സോഫ്റ്റ്‌വെയർ . സയ്യിദ് അബുൽ അഅ്‌ലാ മൗദൂദിയുടെ വിഖ്യാത ഖുർആൻ വ്യാഖ്യാന ഗ്രന്ഥം, കാലഘട്ടത്തിന്റെ വായനക്കും കേൾവിക്കും അനുയോജ്യമായ വിധത്തിൽ നിലവിലെ ഡെസ്ക്ടോപ്, ലാപ്ടോപ്, സ്മാർട്ട്ഫോൺ, ടാബ്‌ലെറ്റ് പി.സി, എം.പി 3 പ്ലയർ തുടങ്ങിയ വ്യത്യസ്ത ഉപകരണങ്ങളിൽ വായിക്കാനും കേൾക്കാനും സാധ്യമാകുന്ന വിധത്തിൽ ഡിജിറ്റൽ രൂപത്തിലേക്ക് വരികയാണ്. കോഴിക്കോട് ഹിറാ സെന്ററിൽ പ്രവർത്തിക്കുന്ന D4 മീഡിയയുടെ ആഭിമുഖ്യത്തിലാണ് ഇതിൻെറ പ്രവർത്തനങ്ങൾനടന്നുകൊണ്ടിരിക്കുന്നത്.




നാല് സോഫ്റ്റ്‌വെയർ എഞ്ചിനീയർമാരുടെയും ഡാറ്റാ വിഭാഗത്തിൽ മൂന്ന് കണ്ടൻറ് എഡിറ്റർമാരുടെയും സൗണ്ട് എഞ്ചിനീയർ ഉൾപ്പെടെയുള്ള ടെക്നിക്കൽ സ്റ്റാഫിന്റെയും ഒന്നരവർഷത്തോളമുള്ള മുഴുസമയ സേവനം ഉപയോഗപ്പെടുത്തി മുന്നേറുന്ന അതി ബൃഹത്തായ ഈ ഡിജിറ്റൽ 'സ്വപ്ന പദ്ധതി' ഈ ഇനത്തിൽ മലയാളത്തിലെത്തന്നെ ആദ്യത്തെ സംരംഭമായിരിക്കും.

ആറു വർഷം മുമ്പ്, 2008 ഒക്ടോബറിൽ തഫ്ഹീം സോഫ്റ്റ്‌വെയറിന്റെ ആദ്യ പതിപ്പ് പുറത്തിറക്കിയത് വിൻഡോസ് എക്സ്.പിയെ അടിസ്ഥാനമാക്കിയായിരുന്നു. എക്സ്.പിക്ക് ശേഷം വന്ന വിൻഡോസ് പതിപ്പുകളിൽ തഫ്ഹീം സോഫ്റ്റ്‌വെയർ സുഗമമായി പ്രവർത്തിച്ചിരുന്നില്ല. തുടർന്ന് വിവിധ ഘട്ടങ്ങളിലായി വിൻഡോസ് 7, വിൻഡോസ് 8, വിൻഡോസ് 8.1 എന്നീ പതിപ്പുകൾ കഴിഞ്ഞ് ഇപ്പോൾ വിൻഡോസ് 10-നെ സ്വീകരിക്കാനുള്ള ഒരുക്കത്തിലാണ് കമ്പ്യൂട്ടർ ലോകം. നിർമാണത്തിലിരിക്കുന്ന പുതിയ തഫ്ഹീം സോഫ്റ്റ്‌വെയർ, വിൻഡോസ് 10-ന് പുറമെ, ലിനക്സ്, മാക് ഓപറേറ്റിംഗ് സിസ്റ്റങ്ങളെക്കൂടി പരിഗണിച്ചാണ് മുന്നേറുന്നത്. ഡെസ്ക്ടോപ് പതിപ്പിന്റെ പ്രകാശനത്തിന് ശേഷം ഇതിന്റെ ഇന്റർനെറ്റ് പതിപ്പും ആൻഡ്രോയ്ഡ് ഉൾപ്പെടെയുള്ള മൊബൈൽ പതിപ്പുകളും പുറത്തിറക്കും.

തഫ്ഹീം സോഫ്റ്റ്‌വെയറിന്റെ ആദ്യ പതിപ്പ് കമ്പ്യൂട്ടറുപയോഗിക്കുന്ന മലയാളികൾക്കിടയിൽ വൻ സ്വീകാര്യതയാണ് നേടിയത്. അതോടെ കമ്പ്യൂട്ടറിലും മറ്റും തഫ്ഹീം പൂർണമായും വായിച്ചു കേൾക്കാനുള്ള സൗകര്യം കൂടി വേണമെന്ന ആവശ്യം പല ഭാഗത്തുനിന്നും ഉയർന്നുവന്നു. മുൻ പതിപ്പിന്റെ വികസനത്തിന് സഹായ സഹകരണങ്ങൾ നൽകിയ സുഊദി കെ.ഐ.ജി പ്രവർത്തകർ തന്നെയാണ് പുതിയ പതിപ്പിന്റെ നിർമാണത്തിനും പ്രചോദനമായി വർത്തിക്കുന്നത്.

ആറു വാള്യങ്ങളിൽ 3335 പേജുകളുള്ള തഫ്ഹീം ടെക്സ്റ്റ് പൂർണമായും ശബ്ദരൂപത്തിലേക്ക് മാറ്റുക എന്നത് കടുത്ത വെല്ലുവിളി തന്നെയായിരുന്നു. അതോടൊപ്പം കേൾവിയിലൂടെ എളുപ്പത്തിൽ ആശയം ഗ്രഹിക്കുന്നതിന് അനുയോജ്യമായ വിധത്തിൽ നിലവിലെ തഫ്ഹീം ടെക്സ്റ്റുകളിൽ മാറ്റങ്ങൾ വരുത്തേണ്ടത് ആവശ്യമാണെന്ന അഭിപ്രായവും ശക്തമായി ഉയർന്നു. അങ്ങനെ തഫ്ഹീം പ്രിന്റ് പതിപ്പിലെ ഒറിജിനൽ ടെക്സ്റ്റ് നിലനിർത്തിക്കൊണ്ടുതന്നെ, പ്രത്യേകം തയാറാക്കിയ ടെക്സ്റ്റാണ് ഓഡിയോക്ക് വേണ്ടി ഉപയോഗിക്കുന്നത്. ഓഡിയോ പ്രവർത്തിപ്പിക്കുമ്പോൾ ഈ ടെക്സ്റ്റായിരിക്കും പ്രത്യക്ഷമാവുക. തഫ്ഹീം മലയാള വിവർത്തനത്തിന്റെ മൂലകൃതി തയാറാക്കുന്നതിൽ മുഖ്യ പങ്ക് വഹിച്ച ടി.കെ ഉബൈദിന്റെയും ഐ.പി.എച്ച് എഡിറ്ററായ റഹ്മാൻ മുന്നൂരിന്റെയും നേതൃത്വത്തിൽ ശ്രമകരമായ ഈ ജോലിയും പൂർത്തിയായിട്ടുണ്ട്. സിനി ആർട്ടിസ്റ്റ് കുടിയായ നൗഷാദ് ഇബ്റാഹീമാണ് ഡബ്ബിംഗ് ജോലി ഏറ്റെടുത്തിരിക്കുന്നത്.

ലളിതമായ ലേഔട്ട്, മികച്ച ഡിസൈനിംഗ് എന്നിവ സോഫ്റ്റ്‌വെയറിന്റെ പ്രത്യേകതയാണ്. പഴയ പതിപ്പിന്റെ എല്ലാ സവിശേഷതകളും കൂടുതൽ മെച്ചപ്പെടുത്തിയ രീതിയിൽ നിലനിർത്തിക്കൊണ്ട് തന്നെ റഫറൻസിനായി തഫ്ഹീം വ്യാഖ്യാനങ്ങളുടെ ഇംഗ്ലീഷ് പരിഭാഷയും ഇതിലുൾപ്പെടുത്തിയിരിക്കുന്നു. മദീന മുസ്ഹഫിന്റെ ഏറ്റവും പുതിയ പതിപ്പാണ് ഖുർആൻ ടെക്സ്റ്റിനായി ഉപയോഗിച്ചിരിക്കുന്നത്. മലയാളം, ഇംഗ്ലീഷ് വാക്കർഥം പ്രിന്റ് ചെയ്തെടുക്കാനും സൗകര്യമൊരുക്കിയിരിക്കുന്നു.

സ്വയം വിലയിരുത്തുന്നതിന് സഹായകമായി അതിവിപുലമായൊരു ക്വിസ് പ്രോഗ്രാമും ഇതിലുൾപ്പെടുത്തിയിട്ടുണ്ട്. ഇതിനായി തഫ്ഹീമിലെ ആയിരത്തിലേറെ ബ്ലോക്കുകളിൽ ഓരോന്നിലും ചുരുങ്ങിയത് മൂന്ന് ചോദ്യങ്ങൾ ഉൾക്കൊള്ളിച്ചിരിക്കുന്നു. ഖുർആൻ മനഃപാഠം പരിശോധനക്കുള്ള വിപുലമായ സംവിധാനമാണ് സോഫ്റ്റ്‌വെയറിന്റെ മറ്റൊരു സവിശേഷത. ഖുർആൻ വാക്കർഥങ്ങളുടെ പഠന പുരോഗതി വിലയിരുത്താനുള്ള രസകരമായ 'ഡ്രാഗ് ആന്റ് ഡ്രോപ്' രീതിയിലെ ഗെയിം പ്രോഗ്രാമും സോഫ്റ്റ്‌വെയറിലുണ്ട്. അറബി, മലയാളം പദങ്ങൾ അടിസ്ഥാനമാക്കിയുള്ള സെർച്ച്, വിഷയാധിഷ്ഠിത സെർച്ച് എന്നിവ കൂടുതൽ കാര്യക്ഷമമാക്കിയിരിക്കുന്നു. ■